താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസത്തിന് ഇരുന്നൂറ്റി അമ്പത് രൂപാ നിരക്കിൽ, അതിന്റെ ആകെ തുക അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്;

എന്നാൽ, അത്തരം ഒരു ശിക്ഷ ചുമത്തുന്നതിനുമുമ്പ് നിയുക്ത ഉദ്യോഗസ്ഥന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.

മതിയായതോ യുക്തിസഹമോ ആയ കാരണമില്ലാതെ 6-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീലിൽ തീരുമാനമെടുക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്നപക്ഷം, അദ്ദേഹത്തിന്, രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി, കാരണങ്ങൾ വിവരിച്ചുകൊണ്ട്, ഒന്നാം അപ്പീൽ അധികാരിക്കുമേൽ അഞ്ഞൂറുരൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്.

എന്നാൽ, അത്തരം ഒരു ശിക്ഷ ചുമത്തുന്നതിനുമുമ്പ് ഒന്നാം അപ്പീൽ അധികാരിക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.

നിയുക്ത ഉദ്യോഗസ്ഥനോ, ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ, ഈ ആക്ട് പ്രകാരം അദ്ദേഹത്തിന് എല്പിച്ചു കൊടുത്ത ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതായി രണ്ടാം അപ്പീൽ അധികാരിക്ക് ബോധ്യമായി എങ്കിൽ, അയാൾക്കെതിരെ, അയാൾക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്യാവുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## താല്ലാലിക ജീവനക്കാർ

**63 (3571)** <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷവും വിവിധ വകുപ്പുകളിലേയ്ക്ക് എത്ര പേരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടെന്ന് വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും താല്ലാലിക നിയമനം ലഭിച്ച എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുഭരണ വകുപ്പിൽ വിവിധ തസ്തികകളിലായി താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

താൽക്കാലിക തസ്തികകളിൽ നിശ്ചിത കാലയളവിലേയ്ക്കാണ് നിയമനം നൽകുന്നത്. കാലാവധി തീരുന്നമുറയ്ക്ക് കരാർ പുതുക്കുകയോ പുതിയ ആൾക്കാരെ നിയമിക്കുകയോ ആണ് ചെയ്യുന്നത്. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) പൊതുഭരണ വകുപ്പിൽ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച 7 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ**

**64 (3572)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17-8-2015-ൽ പി &എ.ആർ.ഡി. പുറപ്പെടുവിച്ച സർക്കുലർ നമ്പർ 8983/Adv-C3/2015/പി &എ.ആർ.ഡി. പ്രകാരം തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള എത്ര ഒഴിവുകളാണ് വിവിധ ഡിപ്പാർട്ടുമെന്റുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുള്ളത് എന്നു വ്യക്തമാക്കുമോ;

(ബി) സർക്കുലർ നമ്പർ 10336/Adv/സി3/2014/പി &എ.ആർ.ഡി. തീയതി 23-7-2014 പ്രകാരം 2015 ഡിസംബർ 31 വരെയുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ?

ഉത്തരം

(എ) 17/8/2015-ൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ച 8983/Advc3/2015/P&ARD നമ്പർ സർക്കുലർ പ്രകാരം തിരുവനന്തപുരം ജില്ലയിൽ LDC തസ്തികയിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രതീക്ഷിത ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly